പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1620 — 11.2.2013-ൽ മറുപടിക്ക്

## മാലിന്യ സംസ്ക്കരണത്തിനായുള്ള സബ്സിഡികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | മാലിന്യ സംസ്ക്കരണത്തിന് 'പൈപ്പ് കമ്പോസ്റ്റ്' 'വെർമികമ്പോസ്റ്റ്' 'ബയോ ഗ്യാസ്പ്ലാന്റ്' എന്നിവ നിർമ്മിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ സബ്സിഡിയായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; | എ) | 2011-12 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും നഗരസഭകൾക്ക് 189.62 ലക്ഷം രൂപയും നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി തുകയിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് 189.62 ലക്ഷം രൂപയും നാളിതുവരെയായി കൈമാറിയിട്ടുണ്ട്. |
| ബി) | എത്ര വീടുകളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്; | ബി) | 2012-13 സാമ്പത്തിക വർഷത്തിലെ പദ്ധതിയുടെ പ്രോജക്ട് ജില്ലാ പ്ലാനിംഗ് ഓഫിസുകളിൽ നിന്ന് അംഗീകാരം ലഭിച്ച് വരുന്നതേയുള്ളു. ആകയാൽ ഈ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടു കൂടി മാത്രമേ പദ്ധതി എത്ര വീടുകളിൽ നടപ്പിലാക്കാൻ കഴിയുമെന്ന് പറയാൻ കഴിയുകയുള്ളു. ഇവ നടപ്പിലാക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. |
| സി) | ഓരോന്നിനും എത്ര തുകയാണ് സബ്സിഡിയായി അനുവദിക്കുന്നതെന്ന്; വിശദമാക്കുമോ? | സി) | സർക്കാരിന്റെ പുതുക്കിയ സബ്സിഡി മാനദണ്ഡം അനുസരിച്ച് പൈപ്പ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് തുടങ്ങിയ കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 75% സർക്കാർ സബ്സിഡിയും 15% തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സബ്സിഡിയും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ബയോഗ്യാസ് പ്ലാന്റുകൾക്ക് യൂണിറ്റ് നിരക്കിന്റെ 50% സർക്കാർ സബ്സിഡി തുകയും 25% തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സബ്സിഡിയുമാണ് ലഭ്യമാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ